മാനം വർദ്ധിപ്പിക്കാനായി ജീവനക്കാർക്കുള്ള ഇൻസെന്റീവ് സ്കീമും പരിഷ്കരിച്ചിട്ടുണ്ട്.

59 (347) റോഡപകടങ്ങളെക്കുറിച്ച് പഠിക്കുവാൻ നിയോഗിച്ച കമ്മിറ്റികൾ

ശ്രീ. മോൻസ് ജോസഫ് :
ശ്രീ. ആന്റണി രാജു :
ശ്രീ. പി.സി. ജോർജ് :
ശ്രീ. കെ.സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റോഡപകടങ്ങളെക്കുറിച്ച് പഠിക്കുവാൻ ഗവൺമെന്റ് നിയോഗിച്ച കമ്മിറ്റികൾ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇവയിൽമേൽ സ്വീകരിച്ച നടപടികൾ വിവരിക്കാമോ;

(സി) റോഡപകടങ്ങളുടെ എണ്ണം ക്രമാതീതമായി വർദ്ധിച്ചു വരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഇതു തടയുവാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ഇ) വാഹന നിയമങ്ങൾ നടപ്പാക്കുന്നതിൽ വീഴ്ച വരുത്തുന്നവരുടെ പേരിൽ കർശന നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 9-5-1997-ൽ ജി.ഒ.(എം.എസ്) 55/97/ പി.ഡബ്ല്യൂ. ആന്റ് ടി. പ്രകാരം ഒരു ഉന്നതതല കമ്മിറ്റി രൂപീകരിച്ചിരിക്കുന്നു. ഈ കമ്മിറ്റിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 29-8-97-ലെ ജി.ഒ (എം.എസ്) 91/97/ പി.ഡബ്ല്യൂ ആന്റ് ടി പ്രകാരം ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായി ഉന്നതാധികാര സമിതി രൂപീകരിച്ചു. ഈ സമിതി സമർപ്പിച്ച ശുപാർശകളും നിർദ്ദേശങ്ങളും ഘട്ടംഘട്ടമായി നടപ്പിലാക്കിവരുന്നു. ബന്ധപ്പെട്ട വകുപ്പുകൾ ഇത് സംബന്ധിച്ച നടപടികൾ സ്വീകരിക്കുകയും ഇടയ്ക്കിടെ അവലോകനം നടത്തുകയും ചെയ്തുവരുന്നു.

(സി) ഉണ്ട്.

(ഡി) വിവരം ശേഖരിച്ചു നൽകുന്നതാണ്

(ഇ) കർശന നടപടികൾ സ്വീകരിച്ചു വരുന്നു.

60 (348) സ്വകാര്യ ബസ്സുകളുടെ അമിത വേഗത കുറയ്ക്കാൻ നടപടി

ശ്രീ. വി.കെ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്വകാര്യ ബസ്സുകളുടെ അമിത വേഗതയും മത്സര ഓട്ടവും അടിക്കടി അപകടങ്ങൾ ഉണ്ടാക്കുന്നതായി ശ്രദ്ധയിപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) അത്തരം മത്സര ഓട്ടവും അമിതവേഗതയും ഒഴിവാക്കാൻ നടപടി സ്വീകരക്കുമോ;

(സി) ഉണ്ടെങ്കിൽ അതിനായി സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ വിശദമാക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി)&(സി) വാഹന പരിശോധന കർശനമാക്കുന്നതും കുറ്റകൃത്യത്തിലേർപ്പെടുന്ന വാഹനങ്ങളുടെ പെർമിറ്റ് താൽക്കാലികമായി റദ്ദ് ചെയ്യുക, വാഹന ഉടമകളിൽ നിന്നും പിഴ ഈടാക്കുക ഡ്രൈവിംഗ് ലൈസൻസ് റദ്ദാക്കുക തുടങ്ങിയ ശിക്ഷാ നടപടികൾ സ്വീകരിക്കുന്നതാണ്. കൂടാതെ വാഹനങ്ങളുടെ ഓവർ സ്പീഡ് കണ്ടുപിടിക്കുന്നതിന് റഡാറുകളുടെയും വാക്കി ടോക്കികളുടെയും സേവനം പ്രയോജനപ്പെടുത്തുന്നതാണ്. ബസ്സുകളുടെ മത്സര ഓട്ടം ഒഴിവാക്കുന്നതിന് അവയുടെ റണ്ണിംഗ് ടൈം കൂടി നൽകുന്നതാണ്.

61 (349) അന്ധർക്കും വികലാംഗർക്കും ബസുകളിൽ യാത്രാ സൗജന്യം

ശ്രീ. ബാബു ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് അന്ധർ-വികലാംഗർ എന്നിവർക്ക് കെ.എസ്. ആർ.ടി.സി. ബസ്സുകളിൽ യാത്രാസൗജന്യം അനുവദിക്കുന്നതിന് നിലവിലുള്ള വ്യവസ്ഥകൾ എന്തൊക്കെയായിരുന്നു;

(ബി) പ്രസ്തുത വ്യവസ്ഥകളിൽ ഈയിടെ എന്തെങ്കിലും മാറ്റം വരുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തെക്കൊയാണെന്ന് വിശദമാക്കാമോ;

(സി) ഈ അർഹതക്ക് സാമ്പത്തിക മാനദണ്ഡം ഏർപ്പെടുത്തിയിട്ടുണ്ടോ;

(ഡി) ഈ പരിഷ്കാരങ്ങൾ നിലവിൽ വരുന്നതിന് മുൻപ് എത്ര പേർക്ക് ഇത്തരത്തിലുള്ള പാസുകൾ നൽകിയിരുന്നു;

(ഇ) പ്രസ്തുത പരിഷ്കാരത്തിന് കൺസഷന് അർഹതയുള്ള എത്ര പേർ കാണുമെന്ന് കണക്കാക്കിയിട്ടുണ്ടോ;

(എഫ്) ഈ പരിഷ്കാരങ്ങൾ മൂലം കെ.എസ്.ആർ.ടി.സിക്ക് എത്ര തുക ലാഭിക്കുമെന്നാണ് കണക്കാക്കിയിട്ടുള്ളത്;

(ജി) കെ.എസ്.ആർ.ടി.സി.യിൽ വികാലംഗർക്ക് നൽകിവരുന്ന സൗജന്യയാത്രക്കുള്ള പാസ് നിർത്തലാക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ?

ഉത്തരം

(എ) സംസ്ഥാനത്ത് അന്ധർക്ക് കെ.എസ്.ആർ.ടി.സി. ബസുകളിൽ യാത്രാ സൗകര്യം അനുവദിക്കുന്നതിനു വേണ്ടി അപേക്ഷകൻ നൂറുശതമാനവും അന്ധനായിരിക്കണം. അന്ധത തെളിയിക്കുന്നതിന് ഡിസ്ട്രിക്ട് മെഡിക്കൽ ഓഫീസറുടെ (ഓഫ്ത്താൽമിക്) സർട്ടിഫിക്കറ്റോടുകൂടി താമസ സ്ഥലത്തിനടുത്തുള്ള കെ.എസ്.ആർ.ടി.സി ഡിപ്പോയിൽ നിർദ്ദിഷ്ട ഫോറത്തിൽ അപേക്ഷ സമർപ്പിക്കണം. വികാലാഗർ, കെ.എസ്.ആർ.ടി.സി. ബസുകളിൽ സൗജന്യ യാത്രയ്ക്കുവേണ്ടി അപേക്ഷ നൽകുന്നയാൾക്ക് 50%-ൽ കുറയാതെ

LIBRARY ARCHIVES Kerala Legislative Assembly